റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ) ഉണ്ട്.

(ബി) ജീവനക്കാരുടെ ശമ്പളത്തിൽ ഇരുപതു ശതമാനം വർദ്ധനവ് ശുപാർശ ചെയ്തിട്ടുണ്ട്.

(സി) കമ്മിറ്റിയുടെ പ്രവർത്തനത്തെപ്പറ്റി ആക്ഷേപം ഉണ്ടായിട്ടില്ല. കമ്മിറ്റി ശുപാർശ ചെയ്ത ശമ്പള സ്കെയിലുകളിൽ പിശക് വന്നിട്ടുണ്ടെന്ന് ആക്ഷേപം ഉണ്ടായിട്ടുണ്ട്.

സാക്ഷരത വളർത്താൻ പദ്ധതികൾ

* 465 [489] ശ്രീ. കെ. കെ. എസ്. തങ്കം: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സാക്ഷരത വളർത്താൻ പുതുതായി അംഗീകരിച്ച പദ്ധതികൾ എന്തെല്ലാം?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

1. 6 വയസ്സിനും 14 വയസ്സിനും മദ്ധ്യേ പ്രായമുള്ള വർക്കായി ഉദ്ദേശിച്ചിട്ടുള്ള അനൗപചാരിക വിദ്യാഭ്യാസപദ്ധതി.

2. 15 വയസ്സിനും 35 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവരെ സാക്ഷരരാക്കുന്നതിനായി ദേശീയവയോജനവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി 1978 ഒക്ടോബർ 2-ാം തീയതി (ഗാന്ധിജയന്തി ദിനം) നടപ്പിൽ വരുത്തിയ വയോജന വിദ്യാഭ്യാസ പരിപാടി.

ട്രഷറി ഡിപ്പാർട്ടുമെന്റിലെ ജില്ലാ ട്രഷറി ആഫീസർമാരുടെ സമാന തസ്തികകൾ

*466 [490] ശ്രീ. ഇ. അഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡിപ്പാർട്ടുമെന്റിൽ ജില്ലാ ട്രഷറി ആഫീസർമാരുടെ സമാന തസ്തികകൾ എത്രയുണ്ട്;

(ബി) ടി തസ്തികകളിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥൻമാർ ഏതു യൂണിറ്റിൽപ്പെട്ടവരാണ്; ഓരോരുത്തരുടേയും മൊത്തസേവനദൈർഘ്യമെത്ര;

(സി) മുകളിൽ ഉദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻമാരേക്കാളും സേവന ദൈർഘ്യം കൂടുതലുള്ള ഉദ്യോഗസ്ഥൻമാർ താഴ്ന്ന തസ്തികകളിൽ മറ്റു യൂണിറ്റുകളിലുണ്ടോ; ഉണ്ടെങ്കിൽ അവരുടെ മൊത്ത സേവനദൈർഘ്യമെത്ര;

(ഡി) ട്രഷറി ഡിപ്പാർട്ടുമെന്റിലെ പ്രമോഷൻ സംസ്ഥാനാടിസ്ഥാനത്തിൽ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു തീയതി മുതൽ?

LIBRARY ARCHIVES Kerala Legislative Assembly